**പതിമൂന്നാം കേരള നിയമസഭ**

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## മുപ്പത്തിയേഴാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014)യുടെ ഒന്നാമത് റിപ്പോർട്ടിലെ (പാർവ്വതി പുത്തനാർ, വേളി-ആക്കുളം കായൽ പ്രദേശങ്ങൾ നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2016

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

**മുപ്പത്തിയേഴാമത് റിപ്പോർട്ട്**

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014)യുടെ ഒന്നാമത് റിപ്പോർട്ടിലെ (പാർവ്വതീ പുത്തനാർ, വേളി-ആക്കുളം കായൽ പ്രദേശങ്ങൾ നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

322/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | I |
| അദ്ധ്യായം I: റിപ്പോർട്ട് | .. | I |
| അദ്ധ്യായം II : സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ | .. | II |

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. പി. മുഹമ്മദ്

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം മുപ്പത്തിയേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2016 ഫെബ്രുവരി മാസം 18-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

# റിപ്പോർട്ട്

## അദ്ധ്യായം I

പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014)യുടെ ഒന്നാമത് റിപ്പോർട്ട് (പാർവ്വതീ പുത്തനാർ, വേളി-ആക്കുളം കായൽ പ്രദേശങ്ങൾ നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) 2012 ജൂൺ 21-ാം തീയതി സഭയിൽ സമർപ്പിക്കപ്പെട്ടു.

തിരുവനന്തപുരം ജില്ലയിലെ പാർവ്വതീ പുത്തനാർ, വേളി-ആക്കുളം കായൽ പ്രദേശങ്ങളിലെ മലിനീകരണം, കയ്യേറ്റം തുടങ്ങി നിരവധി പ്രശ്നങ്ങൾ സംബന്ധിച്ച് സമിതിക്ക് വ്യക്തികൾ, സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നും ധാരാളം പരാതികൾ ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സമിതി പ്രസ്തുത പ്രദേശങ്ങൾ സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. സമിതി നടത്തിയ സന്ദർശനത്തിന്റെയും ചർച്ചയുടെയും അടിസ്ഥാനത്തിൽ പാർവ്വതീ പുത്തനാർ, വേളി-ആക്കുളം എന്നീ ജലാശയങ്ങളെ പുനരുദ്ധരിക്കുന്നതിന് ഉതകുമെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട ഏതാനും നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്ന പ്രസ്തുത റിപ്പോർട്ടിൽ ആകെ 18 ശിപാർശകളാണ് ഉൾക്കൊള്ളിച്ചിരുന്നത്. സമിതിയുടെ ശിപാർശകളിന്മേൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പ്രതി ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. എന്നാൽ യഥാസമയം ഗവൺമെന്റിൽ നിന്നും മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ സമിതി 27-8-2014, 5-8-2015, 12-8-2015, 19-8-2015, 30-9-2015 എന്നീ തീയതികളിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. തുടർന്ന് പ്രസ്തുത വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി വിശദമായി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

റിപ്പോർട്ടിലെ ശിപാർശകൾ, അവയിന്മേൽ തദ്ദേശസ്വയംഭരണം, പരിസ്ഥിതി, റവന്യൂ, വ്യവസായം, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ, ജലവിഭവം, ടൂറിസം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ലഭ്യമാക്കിയതും സമിതി പരിഗണിച്ച് അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

അദ്ധ്യായം II

## സമിതിയുടെ ശിപാർശകൾ അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം

ശിപാർശ 1

മുട്ടത്തറ സ്വീവേജ് ഫാമിൽ നിലവിൽ പ്രവർത്തിക്കുന്ന സംവിധാനം അനുസരിച്ച് സ്വീവേജ് പാർവ്വതീ പുത്തനാറിൽ ഒഴുകി എത്തുന്നതായും ഇതുമൂലം പാർവ്വതീ പുത്തനാറും വേളി-ആക്കുളം കായലും മലീമസമാകുകയും ഖരമാലിന്യങ്ങൾ അടിഞ്ഞുകൂടി ദുർഗന്ധത്തിന് കാരണമാകുകയും ചെയ്യുന്നു എന്ന് ബന്ധപ്പെട്ട വകുപ്പുതന്നെ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിയമങ്ങൾ കർശനമായി പാലിച്ചുകൊണ്ടും മുട്ടത്തറയിൽ സ്ഥാപിക്കുന്ന 107 എം. എൽ. ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അതുവഴി സ്വീവേജ് പാർവ്വതീ പുത്തനാറിലേക്ക് ഒഴുകുന്നില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

### (എ) ജലവിഭവ (ജലവിതരണ-സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 20228/സി1/14/ജ.വി.വ. തീയതി 26-8-2014)

മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കമ്മീഷൻ ചെയ്തു.
(27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

### (ബി) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 25001/ഡി.സി1/13/തസ്വഭവ. തീയതി 8-10-2014)

മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ പ്രതിദിനം 107 Million litre/day മലിനജലം സംസ്കരിക്കുന്നതിനുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് KSUDP-യുടെയും കേരള വാട്ടർ അതോറിറ്റിയുടെയും തിരുവനന്തപുരം നഗരസഭയുടെയും നേതൃത്വത്തിൽ സംയുക്തമായി 2013 മുതൽ നിർമ്മാണം പൂർത്തിയാക്കി തൃപ്തികരമായി പ്രവർത്തിച്ചുവരുന്നു. ടി പ്ലാന്റിൽ മലിനജലം സംസ്കരിച്ചതിനുശേഷമാണ് പാർവ്വതീ പുത്തനാറിലേക്കൊഴുക്കുന്നത്. മലിനജലം സംസ്കരണത്തിന് ശേഷം ലഭിക്കുന്ന ജലം പുനരുപയോഗത്തിന് (വാഹനം കഴുകുന്നതിനും നിർമ്മാണപ്രവർത്തനങ്ങൾക്കും ഗാർഡനിംഗിനും മറ്റും) ഉപയോഗിക്കാൻ പര്യാപ്തമായ ഗുണനിലവാരത്തിലാണ് പുറത്തേക്കൊഴുക്കുന്നത്.

(19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 2

ആക്കുളം കായലിനെ മലീമസമാക്കുന്ന മറ്റൊരു തോടാണ് കണ്ണമ്മൂല തോട്. നഗരത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഓടകൾവഴിയെത്തുന്ന മാലിന്യങ്ങളും കേരള വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനുകളിൽനിന്ന് തുറന്നുവിടുന്ന മാലിന്യങ്ങളും കണ്ണമ്മൂല തോടുവഴി ആക്കുളം കായലിൽ എത്തുന്നു. ഇത് തടയുന്നതിനായി മാലിന്യങ്ങൾ കണ്ണമ്മൂല തോടിൽ എത്തുന്നതിനു മുൻപായി ശേഖരിച്ച് സംസ്കരിക്കുന്നതിനായി ഒന്നോ അതിലധികമോ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുകയും ശുദ്ധീകരിച്ച ജലം മാത്രം കണ്ണമ്മൂല തോട്ടിലേക്ക് ഒഴുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## (എ) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 25001/ഡി.സി1/13/തസ്വഭവ. തീയതി 8-10-2014)

ഇക്കാര്യത്തിൽ നടപടി കൈക്കൊള്ളേണ്ടത് വാട്ടർ അതോറിറ്റി ആയതിനാൽ ശിപാർശയിൽ പറയുന്ന നടപടി കൈക്കൊള്ളുവാൻ ജലവിഭവ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (ബി) പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 4064/എ 2/11/പരി. തീയതി 8-10-2014)

ടി വിഷയത്തിൽ നടപടി സ്വീകരിക്കേണ്ടത് നഗരസഭയും കേരള വാട്ടർ അതോറിറ്റിയുമാണ്. പ്രസ്തുത വിഷയം 4-7-2014-ൽ ഗസ്റ്റ് ഹൗസിൽവച്ച് നടന്ന ശിൽപ്പശാലയിൽ ചർച്ച ചെയ്യുകയും നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(മറുപടികൾ 19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 3

പാർവ്വതീ പുത്തനാറിന്റെ ഇരുകരകളിലും താമസിക്കുന്നവരിൽ പലരുടെയും വീടുകളിൽ നിന്നും ഡ്രെയിനേജ് ജലം ആറ്റിലേക്ക് ഒഴുക്കിവിടുന്നതായും പ്ലാസ്റ്റിക് സാധനങ്ങൾ ഉൾപ്പെടെ മാലിന്യങ്ങൾ വലിച്ചെറിയുകയും ചെയ്യുന്നതായും തന്മൂലം ആറ്റിലെ ജലവും തുടർന്ന് കായൽ ജലവും മലിനമാവുകയും ചെയ്യുന്നതിനാൽ ജലം കുടിക്കുന്നതിനോ കുളിക്കുന്നതിനോ ഉപയോഗിക്കാൻ കഴിയുന്നില്ല എന്നു മാത്രമല്ല ജലസേചനത്തിനുപോലും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. ആയതിനാൽ ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ ജനപങ്കാളിത്തം ഉറപ്പുവരുത്തി

അയൽക്കൂട്ടങ്ങളുടെ സഹായത്തോടെ ബോധവൽക്കരണം നടത്തേണ്ടതും നിയമ ലംഘനം നടത്തുന്നവർക്കെതിരെ കേരള മുനിസിപ്പൽ ആക്ട് പ്രകാരം കർശന നടപടി സ്വീകരിക്കേണ്ടതും നിയമം നടപ്പാക്കാൻ വിമുഖത കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 25001/ഡി.സി1/13/തസ്വഭവ. തീയതി 8-10-2014)

തിരുവനന്തപുരം നഗരത്തിൽ ഉറവിട മാലിന്യ സംസ്കരണത്തിനും വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനും ഊന്നൽ നൽകി പ്രവർത്തിക്കുന്നതുകൊണ്ട് മാലിന്യം വലിച്ചെറിയുന്ന സാഹചര്യം കുറയ്ക്കാൻ നടപടി എടുത്തിട്ടുണ്ട്. കൂടാതെ മാലിന്യം വലിച്ചെറിയുന്നത് തടയാൻ ലക്ഷ്യമിട്ടുകൊണ്ട് നിയമഭേദഗതി 2012-ൽ കേരള മുനിസിപ്പൽ ആക്ട് അമെന്റ്മെന്റ് ബിൽ പ്രകാരം വരുത്തിയിട്ടുണ്ട്. ഇതുപ്രകാരം കച്ചവട സ്ഥാപനങ്ങൾ, ആശുപത്രി, മാർക്കറ്റ്, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, കല്യാണ മണ്ഡപങ്ങൾ, ഫ്ലാറ്റ്, മൂന്ന് നിലയിൽ കൂടുതൽ ഉള്ള വീടുകൾ മുതലായവ ബയോഡീഗ്രേഡബിൾ, ഡീഗ്രേഡബിൾ വേസ്റ്റ് തരംതിരിക്കണമെന്നും ബയോഡിഗ്രേഡബിളായിട്ടുള്ള മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കണമെന്നും ഇത് പാലിക്കാത്തവർക്കെതിരെ ശിക്ഷാ നടപടി കൈക്കൊള്ളണമെന്നുമുള്ള വകുപ്പുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് നിയമം ലംഘിക്കുന്നവർക്കെതിരെ 6 മാസം മുതൽ ഒരു വർഷം വരെ തടവോ 10,000 രൂപ മുതൽ 2 ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ നൽകാൻ വ്യവസ്ഥ ചെയ്യുന്നു. കൂടാതെ നിയമലംഘനം തുടരുന്നപക്ഷം പ്രതിദിനം 250 രൂപ എന്ന കണക്കിൽ അധിക പിഴയും ഈടാക്കുന്നതിനായി നിയമഭേദഗതി വരുത്തിയിട്ടുണ്ട്. ഈ നിയമഭേദഗതി പ്രകാരമുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊണ്ടുവരുന്നു.

(19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 4</u>

പാർവ്വതീ പുത്തനാർ, കണ്ണമ്മൂല തോട് എന്നിവയിൽ നിന്നും കായലിൽ വന്നുചേരുന്ന ജലത്തിൽ കെമിക്കൽ-ബയോളജിക്കൽ മാലിന്യങ്ങളുടെ സാന്നിദ്ധ്യം ഒരു സ്ഥിര സംവിധാനമെന്ന നിലയിൽ നിശ്ചിത ഇടവേളകളിൽ പരിശോധിക്കുകയും അയൽക്കൂട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് ആയതിന്റെ ഫലം പ്രദേശവാസികൾക്ക് ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 4064/എ 2/11/പരി. തീയതി 8-10-2014)

പാർവ്വതീ പുത്തനാർ, കണ്ണമ്മൂല തോട് എന്നിവയിൽ നിന്നും കായലിൽ വന്നുചേരുന്ന ജലത്തിലെ ഗുണനിലവാരം ഒരു സ്ഥിരം സംവിധാനമെന്ന നിലയിൽ മാസത്തിൽ ഒരിക്കൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നേതൃത്വത്തിൽ പരിശോധിക്കുന്നുണ്ട്. ആയതിന്റെ ഫലം ബോർഡിന്റെ ജില്ലാ ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചുവരുന്നുമുണ്ട്.

**(ബി) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 25001/ഡി.സി1/13/തസ്വഭവ. തീയതി 8-10-2014)

സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് വിജയകരമായി പ്രവർത്തിക്കുന്നതുമൂലം നിലവിലുള്ള കണ്ണമ്മൂല, പാറ്റൂർ, കുര്യാത്തി, ഈഞ്ചക്കൽ എന്നീ ടെർമിനൽ പമ്പിംഗ് സ്റ്റേഷനുകളിൽ നിന്നും പ്ലാന്റിന്റെ ഇൻലെറ്റ് ചേംബറിൽ എത്തിച്ചേരുന്ന മുഴുവൻ സ്വീവേജും ശാസ്ത്രീയമായി സംസ്കരിച്ചശേഷമുള്ള ജലമാണ് ഇപ്പോൾ പാർവ്വതീ പുത്തനാറിലേക്ക് ഒഴുക്കിവിടുന്നത്. ട്രീറ്റ്മെന്റ് പ്ലാന്റ് നിലവിൽ വരുന്നതിനുമുമ്പ് സ്വീവേജ് ഫാമിൽ നിന്നും പാർവ്വതീ പുത്തനാറിലേക്ക് ഒഴുകി എത്തിയിരുന്ന സ്വീവേജ് ഏതാണ്ട് പൂർണ്ണതോതിൽ സംസ്കരിക്കുവാനും ഇതുമൂലം പാരിസ്ഥിതിക പ്രശ്നങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കുവാനും സാധിച്ചിട്ടുണ്ട്.

പാർവ്വതീ പുത്തനാർ, കണ്ണമ്മൂല തോട് എന്നിവയിൽ നിന്നും കായലിൽ വന്നുചേരുന്ന ജലത്തിന്റെ ഗുണനിലവാരം ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ മാസത്തിൽ ഒരിക്കൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ച് ഫലം ജില്ലാ ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചുവരുന്നു.

(മറുപടികൾ 19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 5

സ്വകാര്യ ആശുപത്രികൾ, ഇംഗ്ലീഷ് ഇൻഡ്യൻ ക്ലേയ്സ് ലിമിറ്റഡ് ഉൾപ്പെടെയുള്ള ഫാക്ടറികൾ എന്നിവയിൽ നിന്നും ട്രീറ്റ് ചെയ്ത ശുദ്ധമായ ജലം മാത്രമെ പുറത്തുവിടുന്നുള്ളു എന്ന് ഉറപ്പുവരുത്തുന്നതിനായി ജലത്തിന്റെ ഗുണനിലവാരം ശാസ്ത്രീയമായി ടെസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**വ്യവസായ (എഫ്) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 30901/എഫ്2/12/വ്യവ. തീയതി 25-8-2014)

വേളി കായലിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന ഇംഗ്ലീഷ് ഇൻഡ്യൻ ക്ലേയ്സ് ലിമിറ്റഡ് എന്ന വ്യവസായശാലയിൽ നിന്നും പുറന്തള്ളുന്ന ജലം നാല് ഘട്ടങ്ങളിലൂടെ ട്രീറ്റ്മെന്റിന് വിധേയമായി പുനരുപയോഗിക്കുന്നതും പുനസംക്രമീകരണത്തിന് വിധേയമാക്കിയ ജലം പല ഘട്ടങ്ങളിലായി ടി വ്യവസായശാലയിൽത്തന്നെ ഉപയോഗിക്കുന്നതും ഇതിനുശേഷം പുറന്തള്ളുന്ന ചെറിയ അളവിലുള്ള ജലം ഭൂഗർഭത്തിലേക്ക് നിക്ഷേപിക്കുന്നതിനാലും ഇത് കാരണം വേളി-ആക്കുളം കായലിന് ഒരു മലിനീകരണവും സംഭവിക്കുന്നില്ല.

വേളി-ആക്കുളം കായലിനു സമീപത്തുള്ള സ്വകാര്യ ആശുപത്രികൾ, ഇംഗ്ലീഷ് ഇൻഡ്യൻ ക്ലേയ്സ് ലിമിറ്റഡ് ഉൾപ്പെടെയുള്ള ഫാക്ടറികൾ എന്നിവയിൽ നിന്നും സംസ്കരണശേഷം പുറത്തുവിടുന്ന മലിനജലത്തിന്റെ ഗുണനിലവാരം മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ചതിൽ സംസ്കരിച്ച പാഴ്ജലത്തിന്റെ ഘടകങ്ങളെല്ലാംതന്നെ അനുവദനീയമായ പരിധിക്കുള്ളിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 4064/എ 2/11/പരി. തീയതി 8-10-2014)

വേളി-ആക്കുളം കായലിനു സമീപത്തുള്ള സ്വകാര്യ ആശുപത്രികൾ, ഇംഗ്ലീഷ് ഇൻഡ്യൻ ക്ലേയ്സ് ലിമിറ്റഡ് ഉൾപ്പെടെയുള്ള ഫാക്ടറികൾ എന്നിവയിൽ നിന്നും സംസ്കരണശേഷം പുറത്തുവിടുന്ന ജലത്തിന്റെ ഗുണനിലവാരം ബോർഡ് പരിശോധിച്ചതിൽ സംസ്കരിച്ച പാഴ്ജലത്തിന്റെ ഘടകങ്ങളെല്ലാംതന്നെ അനുവദനീയമായ പരിധിക്കുള്ളിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 6</u>

ഇംഗ്ലീഷ് ഇൻഡ്യൻ ക്ലേയ്സ് ലിമിറ്റഡിൽ നിന്നും ഉപയോഗശൂന്യമായ ക്ലേ കായലിലേക്ക് തള്ളുന്നത് ക്രിമിനൽ കുറ്റമാണെന്നും ആയതിനാൽ കായലിലേക്ക് തുറന്നുവിടുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും ആയത് നിരീക്ഷിക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വ്യവസായ (എഫ്) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 30901/എഫ്2/12/വ്യവ. തീയതി 25-8-2014)

ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡിൽ നിന്നും ഉപയോഗശൂന്യമായ ക്ലേ ഇപ്പോൾ കായലിലേക്ക് പുറംതള്ളുന്നില്ല എന്ന് ഉറപ്പാക്കിയിട്ടുണ്ട്.

(27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 7

ഡ്രെഡ്ജ് ചെയ്ത് കായലിന്റെ കരയോടുചേർന്ന ആഴംകുറഞ്ഞ ഭാഗങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന ചെളി അവിടെനിന്നും നീക്കം ചെയ്ത് കായലിന്റെ തനതായ വിസ്തൃതി നിലനിർത്തുന്നതിന് സമയബന്ധിതമായ നടപടി സ്വീകരിക്കണം.

സർക്കാർ സ്വീകരിച്ച നടപടി

**(എ) കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ(എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 1341/എ 2/12/സി.എസ്.ഐ.എൻ. തീയതി 4-6-2014)

കായലിന്റെ തീരത്തോടടുത്ത് ആഴം കുറഞ്ഞ ഭാഗങ്ങളിൽ നിക്ഷേപിക്കപ്പെട്ട ഡ്രെഡ്ജ് ചെയ്ത് എടുത്ത ചെളി, വേളി-ആക്കുളം കായലിന്റെ രണ്ടാംഘട്ട വികസനം നടപ്പിലാക്കുന്ന സമയത്ത് അവിടെനിന്നും നീക്കം ചെയ്ത് കായലിന്റെ വിസ്തൃതി വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) റവന്യൂ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 49573/പി3/15/റവന്യൂ തീയതി 11-8-2015)

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 2(xviii)-ലെ നിർവ്വചനമനുസരിച്ച് കായലുകൾ തണ്ണീർത്തടത്തിൽ ഉൾപ്പെടുന്നു. നിലവിലെ നിയമമനുസരിച്ച് തണ്ണീർത്തടങ്ങളെ സംബന്ധിച്ച കാര്യങ്ങളിലെ നിർവ്വഹണ ഉത്തരവാദിത്വം ജലവിഭവ വകുപ്പിൽ നിക്ഷിപ്തമാണ്. ആകയാൽ ഇക്കാര്യത്തിലുള്ള പ്രസക്തമായ സമിതി നിർദ്ദേശം പ്രായോഗികതയിൽ വരുത്തുവാൻ ടി വകുപ്പിന് നിർദ്ദേശം നൽകുന്നതാണ്.

തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ റവന്യൂ, കൃഷി, ജലവിഭവം എന്നീ വകുപ്പുകൾക്ക് തുല്യ ഉത്തരവാദിത്വമാണുള്ളതെന്നും ഈ വിഷയത്തിൽനിന്ന് റവന്യൂ വകുപ്പിന് ഒഴിഞ്ഞുമാറുവാൻ കഴിയുകയില്ലെന്നും ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കുന്നതിൽ നീതീകരിക്കാനാകാത്ത കാലതാമസം വരുത്തുകയും തെളിവെടുപ്പ്

വേളയിൽ വകുപ്പിന്റെ അധികാര പരിധിയിൽപ്പെടുന്ന വിഷയമല്ലെന്ന മറുപടി നൽകുന്നതും ഉചിതമല്ലെന്ന നിരീക്ഷണത്തോടെ 12-8-2015-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.

ശിപാർശ 8

സ്വകാര്യ ഫ്ലാറ്റ് സമുച്ചയത്തോട് ചേർന്ന കായൽ അതിർത്തിയിൽ കായലിനുള്ളിലേക്ക് ഇറക്കിയാണ് ഇപ്പോൾ കല്ലുകൊണ്ടുള്ള ഭിത്തി കെട്ടിയിരിക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ഇതു സംബന്ധിച്ച വകുപ്പുതല അന്വേഷണം നടത്തേണ്ടതും ഭിത്തി കെട്ടിയതിൽ അപാകതയുണ്ടെങ്കിൽ ആയത് പരിഹരിക്കേണ്ടതും കായലിനുള്ളിലേക്കിറക്കി ഭിത്തികെട്ടുന്നതിന് മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃതമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

സർക്കാർ സ്വീകരിച്ച നടപടി

**(എ) കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ(എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 1341/എ 2/12/സി.എസ്.ഐ.എൻ. തീയതി 4-6-2014)

സ്വകാര്യ ഫ്ലാറ്റ് സമുച്ചയത്തോട് ചേർന്ന പാലത്തിനടുത്തുവരുന്ന ഭാഗം ഭാഗികമായി നികന്ന നിലയിലായിരുന്നു. ആയതിനാലാണ് കായലിന്റെ ജലനിരപ്പിനോടുചേർന്ന് സംരക്ഷണഭിത്തി നിർമ്മിച്ചത്. കെ. എസ്. ഐ. എൻ. സി. ആണ് പ്രസ്തുത സംരക്ഷണ ഭിത്തി നിർമ്മിച്ചത്. കാർ പാർക്കിംഗിനും കായലിന്റെ സൗന്ദര്യവൽക്കരണ പ്രവൃത്തികൾക്കും പ്രസ്തുത സ്ഥലം ഉപയോഗിക്കാവുന്നതാണ്. അങ്ങനെ ലഭ്യമായ സ്ഥലം അതിർത്തിതിരിച്ച് ഡിപ്പാർട്ട്മെന്റിന്റെ അധീനതയിൽത്തന്നെ നിർത്തിയിട്ടുള്ളതാണ്. സ്വകാര്യ ഫ്ലാറ്റ് ഉടമകൾക്കും അവരുടെ സ്ഥലത്ത് നിന്നുമുള്ള പ്രവേശനം സംരക്ഷണ ഭിത്തികെട്ടി തടഞ്ഞിട്ടുണ്ട്.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) ജലവിഭവ (ഐ.ആർ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 19841/ഐ.ആർ 3/14/ജ.വി.വ. തീയതി 18-8-2015)

റവന്യൂ അധികാരികൾ അതിർത്തി നിർണ്ണയിച്ച് കല്ലിട്ട് നൽകിയ അതിരിലൂടെയാണ് ഭിത്തികെട്ടി കായൽ സംരക്ഷിച്ചിട്ടുള്ളത്. സ്വകാര്യ ഫ്ലാറ്റ് സമുച്ചയത്തോട് ചേർന്ന പാലംവരുന്ന ഭാഗം ഭാഗികമായി നികന്ന നിലയിലായിരുന്നു. ആയതിനാലാണ് ജലനിരപ്പിനോടുചേർന്ന് സംരക്ഷണഭിത്തി നിർമ്മിച്ചത്. അങ്ങനെ ലഭ്യമായ സ്ഥലം അതിർത്തിതിരിച്ച് ഡിപ്പാർട്ട്മെന്റിന്റെ അധീനതയിൽത്തന്നെ നിലനിർത്തിയിട്ടുണ്ട്. കെ. എസ്. ഐ. എൻ. സി. ആണ് പ്രസ്തുത സംരക്ഷണഭിത്തി നിർമ്മിച്ചത്. കാർ പാർക്കിംഗിനും കായലിന്റെ സൗന്ദര്യവൽക്കരണ പ്രവൃത്തികൾക്കും പ്രസ്തുത സ്ഥലം ഉപയോഗിക്കാവുന്നതാണ്. സ്വകാര്യ ഫ്ലാറ്റ് ഉടമകളെ അവരുടെ സ്ഥലത്ത് നിന്നുള്ള പ്രവേശനം സംരക്ഷണഭിത്തി കെട്ടി തടഞ്ഞിട്ടുണ്ട്.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 9</u>

വിനോദസഞ്ചാര വകുപ്പിന്റെ G.O.(Rt.)No.8482/11/TSM തീയതി 10-11-2011 പ്രകാരം ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ വാട്ടർ പാർക്കിന്റെ നവീകരണത്തിനായി അനുവദിച്ച 1,33,99,000 രൂപ ഉപയോഗിച്ചുള്ള പണി കാലവിളംബം കൂടാതെ സമയബന്ധിതമായി പൂർത്തിയാക്കുകയും ആയത് സംബന്ധിച്ച വിശദാംശം സമിതിയെ അറിയിക്കേണ്ടതുമാണ്.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ടൂറിസം (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 75877/സി3/12/ടൂറിസം തീയതി 1-12-2012)

വാട്ടർ പാർക്കിന്റെ നവീകരണ പദ്ധതി 2013 മാർച്ച് മാസത്തോടെ പൂർത്തിയാകത്തക്കവിധം പുരോഗമിച്ചുവരുന്നു.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 10</u>

നാഷണൽ ഹൈവേ നിർമ്മാണവേളയിൽ പാലം നിർമ്മിക്കുന്നതിനായി കായലിൽ സ്ഥാപിച്ച എട്ട് ബണ്ടുകളിൽ രണ്ടെണ്ണം മാത്രമാണ് പൂർണ്ണമായും നീക്കം ചെയ്തിട്ടുള്ളത്. ഇതുമൂലം ബോട്ട് സർവ്വീസ് നടത്തുന്നതിന് തടസ്സമുണ്ടാകുന്നു എന്നതിനുപുറമേ കായലിന്റെ അടിത്തട്ടിൽ ചെളിയും മറ്റ് മാലിന്യങ്ങളും കടലിലേക്ക് പോകാതെ അടിഞ്ഞുകിടന്ന് കായലിന്റെ ആഴം കുറയുവാൻ ഇടയാകുന്നു. ആയതിനാൽ ബണ്ടുകൾ പൂർണ്ണമായും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ (ഐ.ആർ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 19841/ഐ.ആർ3/2014/ജവിവ. തീയതി 18-8-2015)

നാഷണൽ ഹൈവേയുടെ നിർമ്മാണവേളയിൽ പാലം നിർമ്മിക്കുന്നതിനുവേണ്ടി കായലിൽ സ്ഥാപിച്ചിട്ടുള്ള എട്ട് ബണ്ടുകളിൽ നീക്കം ചെയ്യാത്തവ നീക്കുന്നതിനായി കഴക്കൂട്ടം നാഷണൽ ഹൈവേ ബൈപ്പാസ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

<u>ശിപാർശ 11</u>

ഇപ്പോൾ ലഭ്യമായ റവന്യൂ രേഖകൾ പ്രകാരം ആക്കുളം കായലിന്റെ വിസ്തീർണ്ണം കുറഞ്ഞുവരുന്നതായും മാലിന്യത്തിന്റെ അളവ് വർദ്ധിച്ചുവരുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പഴയ രേഖകൾ പ്രകാരം 40 വർഷം മുൻപ്

കായലിനുണ്ടായിരുന്ന വിസ്തീർണ്ണവും വെള്ളത്തിന്റെ അളവും ഇപ്പോഴുള്ള വിസ്തീർണ്ണവും വെള്ളത്തിന്റെ അളവും പരിശോധിക്കുന്നതിന് സത്വരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## (എ) കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 1341/എ 2/2012/സി.എസ്.ഐ.എൻ. തീയതി 4-6-2014)

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 360/ആർ.സി4/2015/തസ്വഭവ തീയതി 4-8-2015)

ആക്കളം കായലിന്റെ 40 വർഷം മുമ്പുള്ള വിസ്തീർണ്ണം സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം മുൻ സർവ്വേ 259/5-ൽ 151.50 ഏക്കർ (61.31 ഹെക്ടർ) ആയിരുന്നു. നിലവിലുള്ള വിസ്തീർണ്ണം റീ സർവ്വേ 571/26-ൽ ബ്ലോക്ക് 18-ൽ 57.1790 ഹെക്ടർ ആണ്. ആറ്റിപ്ര വില്ലേജിൽ ബ്ലോക്ക് നമ്പർ 18-ൽ റീ സർവ്വേ 571/26-ൽ 57.47 ഹെക്ടർ വിസ്തീർണ്ണം രേഖപ്പെടുത്തിയിരുന്നു. എന്നാൽ ഇതിൽ നിന്നും പതിവ് പട്ടയം നൽകി 29.10 ആർ ഭൂമി തണ്ടപ്പേർ പിടിച്ചിട്ടുള്ളതാണ്. അപ്രകാരം നിലവിലുള്ള വിസ്തീർണ്ണം 57.1790 ഹെക്ടർ ആണ്.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 49573/പി3/2015/റവ. തീയതി 11-8-2015)

ആക്കളം കായലിന്റെ 40 വർഷം മുമ്പുള്ള വിസ്തീർണ്ണം സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം മുൻ സർവ്വേ 259/5-ൽ 151.50 ഏക്കർ (61.31 ഹെക്ടർ) ആയിരുന്നു. നിലവിലുള്ള വിസ്തീർണ്ണം റീ സർവ്വേ 571/26-ൽ ബ്ലോക്ക് 18-ൽ (മൈനർ സർക്യൂട്ട്) 57.1790 ഹെക്ടർ ആണ്. ആറ്റിപ്ര വില്ലേജിൽ ബ്ലോക്ക് നമ്പർ 18-ൽ റീ സർവ്വേ 571/26-ൽ 57.47 ഹെക്ടർ വിസ്തീർണ്ണം രേഖപ്പെടുത്തിയിരുന്നു. എന്നാൽ അതിൽ നിന്നും ഭൂമി പതിവ് നിയമപ്രകാരം പതിവ് പട്ടയം നൽകി 29.10 ആർ ഭൂമി തണ്ടപ്പേർ പിടിച്ച് കരം അടച്ചുവരുന്നതാണ്. അപ്രകാരം നിലവിലുള്ള വിസ്തീർണ്ണം 57.1790 ഹെക്ടർ ആകുന്നു.

(സമിതിയുടെ 12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 12</u>

വേളി-ആക്കുളം കായലിന്റെ പരിധിയിൽ വരുന്ന പ്രദേശത്ത് ആകെ പത്തൊൻപത് വ്യക്തികൾ 1.1229 ഹെക്ടറിന്റെ കയ്യേറ്റം നടത്തിയിട്ടുള്ളതായിട്ടാണ് ഔദ്യോഗിക കണക്ക്. ഈ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളതായി സമിതിയെ അറിയിച്ചിട്ടുള്ളതാണ്. ഔദ്യോഗികമായി ലഭിച്ച കണക്കുകൾ കൂടാതെ വൻതോതിലുള്ള കയ്യേറ്റങ്ങൾ നടന്നിട്ടുള്ളതായി സമിതിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ കയ്യേറ്റങ്ങളെല്ലാം കണ്ടെത്തി അടിയന്തരമായി ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 1341/എ 2/2012/സി.എസ്.ഐ.എൻ. തീയതി 4-6-2014)

വേളി-ആക്കുളം കായലിന്റെ അതിരുകൾ റവന്യൂ വകുപ്പ് പൂർണ്ണമായും നിർണ്ണയിച്ച് തന്നിട്ടില്ല. അതിർത്തി നിർണ്ണയിച്ച് കിട്ടുന്നമുറയ്ക്ക് കയ്യേറ്റങ്ങൾ എല്ലാം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സമിതിയുടെ 7-8-2014-ലെ യോഗം അംഗീകരിച്ചു.)

**(ബി) റവന്യൂ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 49573/പി3/2015/റവ. തീയതി 11-8-2015)

ആക്കുളം കായലിന്റെ അതിർത്തി ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ കരിങ്കൽഭിത്തി കെട്ടി സംരക്ഷിക്കുന്നതിന്റെ ഭാഗമായി നിലവിലെ കായലിന്റെ അതിർത്തി റീ സർവ്വേ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ പുനർനിർണ്ണയം ചെയ്തുവരുന്നുണ്ട്. ആക്കുളം കായലിന്റെ അതിർത്തിയിലെ കരിങ്കൽ ഭിത്തി നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നതനുസരിച്ച് അളവ് നടപടിയും പുരോഗമിക്കുന്നു. നിലവിൽ ഏകദേശം 5000 മീറ്റർ ചുറ്റളവുള്ള കായലിന്റെ 4750 മീറ്ററോളം അളവ് നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ഇൻലാന്റ് നാവിഗേഷൻ നിലവിൽ സംരക്ഷണഭിത്തി കെട്ടിയതു വരെയുള്ള എല്ലാ സ്ഥലത്തിന്റെയും കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതാണ്. കയ്യേറ്റക്കാർ നൽകിയ സിവിൽ കേസ് നിലനിൽക്കുന്ന സ്ഥലങ്ങൾ ഒഴികെ ബാക്കിയുള്ള 90% കയ്യേറ്റങ്ങളും ഒഴിഞ്ഞുപോയിട്ടുള്ളതും ഒഴിപ്പിച്ചിട്ടുള്ളതുമാണ്. ബാക്കിയുള്ള 10% വരുന്ന നാമമാത്രമായ കയ്യേറ്റം ഇൻലാന്റ് നാവിഗേഷൻ നിർമ്മാണപ്രവർത്തനം പൂർത്തിയാക്കുന്നമുറയ്ക്ക് ഭൂസംരക്ഷണ നിയമപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതാണ്.

(സമിതിയുടെ 12-8-2015-ലെ യോഗം അംഗീകരിച്ചു.)

<u>ശിപാർശ 13</u>

കായൽ ജലത്തിൽ അടങ്ങിയിരിക്കുന്ന മാലിന്യങ്ങളുടെ അനുപാതം പരിശോധിക്കേണ്ടതും മാലിന്യത്തിന്റെ സാന്നിധ്യംമൂലം കായലിലെ ജലത്തിന്റെ അളവിലുണ്ടായ കുറവ് പരിഹരിക്കുന്നതിനും മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 4064/എ 2/2011/പരി. തീയതി 8-10-2014)

കായൽ ജലത്തിൽ അടങ്ങിയിരിക്കുന്ന മാലിന്യങ്ങളുടെ അനുപാതം സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ നേതൃത്വത്തിൽ പരിശോധിക്കുന്നുണ്ട്. പരിശോധനയിൽ മാലിന്യത്തിന്റെ അളവ് കൂടുതലാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. നഗരത്തിൽ നിന്നുണ്ടാകുന്ന സ്വീവേജ് മാലിന്യം പാർവ്വതീ പുത്തനാറിൽ കൂടിയും കണ്ണമ്മൂല തോടും അതിനോടനുബന്ധിച്ച മറ്റ് തോടുകൾ വഴിയും കായലിൽ എത്തിച്ചേരുന്നത് കൊണ്ടാണ് മലിനീകരണ പ്രശ്നം രൂക്ഷമാകുന്നത്. പാർവ്വതീ പുത്തനാറിൽ എത്തിച്ചേരുന്ന സ്വീവേജ് മാലിന്യപ്രശ്നം മുട്ടത്തറയിലുള്ള കേന്ദ്രീകൃത ട്രീറ്റ്മെന്റ് പ്ലാന്റ് പൂർണ്ണതോതിൽ പ്രവർത്തനമാരംഭിക്കുന്നതോടുകൂടി പരിഹരിക്കപ്പെടുന്നതാണ്. എന്നാൽ വാട്ടർ അതോറിറ്റി പ്രവർത്തിപ്പിക്കുന്ന പമ്പിംഗ് സ്റ്റേഷൻ, ലിഫ്റ്റിംഗ് സ്റ്റേഷൻ എന്നിവ വഴി എത്തുന്ന സ്വീവേജ് മാലിന്യം ശരിയായ രീതിയിൽ ശേഖരിച്ച് പമ്പു ചെയ്ത് മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കാനുള്ള സംവിധാനം കുറ്റമറ്റരീതിയിൽ നടപ്പിലാക്കിയാൽ മാത്രമേ ആയത് പ്രാവർത്തികമാവുകയുള്ളൂ. ടി പമ്പിംഗ് സ്റ്റേഷനുകളിൽ സ്റ്റാന്റ്ബൈ പമ്പുകളും, ഇടയ്ക്കിടെയുള്ള ഇലക്ട്രിസിറ്റി ഷോർട്ടേജ് (shortage) പരിഹരിക്കാനുമുള്ള സംവിധാനവും നടപ്പിലാക്കണം. ഇല്ലെങ്കിൽ സ്വീവേജ് ഓവർഫ്ലോ ചെയ്ത് ആമയിഴഞ്ചാൻ തോട്, പാറ്റൂർ തോട്, ഉള്ളൂർ തോട് തുടങ്ങിയ തോടുകളിൽ കൂടി കായലിൽ എത്തിച്ചേരുന്നതിന് ഇടയാകുന്നതാണ്. 4-7-2014-ൽ നടന്ന ശില്പശാലയിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും കേരള വാട്ടർ അതോറിറ്റി അധികൃതർക്ക് വേണ്ട നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 14</u>

പോളകൾ (കുളവാഴ) വളർന്ന് വ്യാപിക്കുന്നത് ജലഗതാഗതത്തെ സാരമായി തടസ്സപ്പെടുന്നതിനും കൊതുകുകൾ പെരുകുന്നതിനും കാരണമാകുന്നു. വേളി-ആക്കുളം കായലിലും പാർവ്വതീ പുത്തനാറിലും പൂർണ്ണമായും പോളകൾകൊണ്ട് നിറഞ്ഞിരിക്കുകയാണ്. പോളകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞതായി തെളിവെടുപ്പ്

യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കുകയുണ്ടായി. ആകയാൽ പോളകൾ പൂർണ്ണമായും നീക്കം ചെയ്യുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 1341/എ 2/2012/സി.എസ്.ഐ.എൻ. തീയതി 4-6-2014)

പാർവ്വതീ പുത്തനാറിലെ കുളവാഴ രണ്ടുപ്രാവശ്യം പൂർണ്ണമായും മാറ്റുകയുണ്ടായി. വീണ്ടും ഉണ്ടായവ മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(7-8-2014-ലെ യോഗം അംഗീകരിച്ചു.)

<u>ശിപാർശ 15</u>

വേളി-ആക്കുളം കായലിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിർവ്വഹണത്തിനായി തീരദേശ കപ്പൽ ഗതാഗത ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ 26-9-2009-ലെ G.O.(Rt.)No.48/2009/CSIND പ്രകാരം ജലസേചന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയും ചീഫ് എഞ്ചിനീയർ (ഐ&എ)യുടെ അദ്ധ്യക്ഷതയിൽ ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി. ഈ സമിതികൾ യഥാസമയം യോഗം ചേരുകയോ കായൽ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ കായലിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ചുമതല ഒരു ഉത്തരവിലൂടെ നഗരസഭയെ ഏൽപ്പിക്കുകയും ഇത് ഒരു സ്പെഷ്യൽ സോൺ ആയി പ്രഖ്യാപിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ1341/എ 2/2012/സി.എസ്.ഐ.എൻ. തീയതി 4-6-2014)

വേളി-ആക്കുളത്തിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിർവ്വഹണത്തിനും പുരോഗതി വിലയിരുത്തുന്നതിനുമായി ബഹു. ജലസേചന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-12-2009-ലും ബഹു. മന്ത്രി (Parliamentary Affairs & Sports)-യുടെ അദ്ധ്യക്ഷതയിൽ 8-6-2010-ലും പിന്നീട് പ്രസ്തുത പ്രവൃത്തി ത്വരിതപ്പെടുത്തുവാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടുകയും അഡീഷണൽ ചീഫ് സെക്രട്ടറി (ജലസേചനവും സി. എസ്. ഐ. എൻ.)യുടെ അദ്ധ്യക്ഷതയിൽ 17-4-2011-ലും തുടർന്ന് 4-10-2013-ൽ

ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു റിവ്യൂ മീറ്റിംഗ് വിളിച്ചുകൂട്ടുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തി പ്രസ്തുത പണികൾ നടപ്പാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(7-8-2014-ലെ യോഗം അംഗീകരിച്ചു.)

ശിപാർശ 16

വാഹനങ്ങൾ പാർവ്വതീ പുത്തനാറിലേക്ക് മറിഞ്ഞ് പിഞ്ചുകുട്ടികളടക്കം നിരവധി പേർക്ക് പരിക്കേൽക്കുകയും മരണമടയുകയും ചെയ്തതിന്റെ ഫലമായി ആറ്റിന്റെ ഒരു കരയിൽ സംരക്ഷണഭിത്തി കെട്ടുകയുണ്ടായി. എന്നാൽ മറുകരയിൽ സംരക്ഷണ ഭിത്തിയില്ലാത്തതിനാൽ ഇത്തരത്തിലുള്ള അപകടങ്ങൾ സർവ്വസാധാരണമാണ്. സംരക്ഷണഭിത്തി കെട്ടണമെന്നത് ഒരു പ്രധാന ആവശ്യമാണ്. ആയതിനാൽ ടി കരയിലും സംരക്ഷണഭിത്തി കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

### (എ) കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 1341/എ 2/2012/സി.എസ്.ഐ.എൻ. തീയതി 4-6-2014)

പാർവ്വതീ പുത്തനാറിന്റെ ഒരു കരയിൽ സംരക്ഷണഭിത്തി നിർമ്മാണം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. മറുകരയിലുള്ള സംരക്ഷണഭിത്തി നിർമ്മാണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

### (ബി)റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 49573/പി3/2015/റവ. തീയതി 11-8-2015)

പാർവ്വതീ പുത്തനാറിന്റെ പടിഞ്ഞാറ് ഭാഗത്തായി തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ കരിക്കകം-ചാക്ക ബ്രിഡ്ജ് മുതൽ വാഴവിള പാലം വരെ തെക്കുവടക്കായി മൂന്ന് കിലോമീറ്റർ ദൂരം സംരക്ഷണഭിത്തി ഇൻലാന്റ് നാവിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. മറുകരയിൽ സംരക്ഷണഭിത്തി കെട്ടുന്നതിന് ഇൻലാന്റ് നാവിഗേഷന് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

### (സി) ജലവിഭവ (ഐ.ആർ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 19841/ഐ.ആർ. 3/2014/ജവിവ. തീയതി 18-8-2015)

പാർവ്വതീ പുത്തനാറിന്റെ ഒരു കരയിൽ സെക്യൂരിറ്റി ഡിവൈഡർ, മുഖ്യമന്ത്രിയുടെ നൂറുദിന പരിപാടിയുമായി ബന്ധപ്പെട്ട് കെട്ടിസംരക്ഷണം ഉറപ്പ് വരുത്തിയിട്ടുണ്ട്. മറുകരയലെ സംരക്ഷണഭിത്തി നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.

(19-8-2015-ലെ യോഗം അംഗീകരിച്ചു.)

<u>ശിപാർശ 17</u>

മലിനീകരണം, കയ്യേറ്റം തുടങ്ങിയവമൂലം നശിച്ചുകൊണ്ടിരിക്കുന്ന കായലിനെ പുനരുദ്ധരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ നീർത്തട സംരക്ഷണ പരിപാടിയിൽ പെടുത്തി നൽകിയ 24.56 കോടി രൂപയും പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ ചെലവഴിക്കാൻ പറ്റാതിരുന്ന തുകയിൽ നിന്നും അനുവദിച്ച 30 കോടി രൂപയും ഉൾപ്പെടെ ആകെ 54.56 കോടി രൂപ അനുവദിച്ചതിൽ കേവലം 7.735 കോടി രൂപ മാത്രം ചെലവാക്കി കായലിന്റെ ആഴം വർദ്ധിപ്പിക്കുന്ന പണിയുടെ 50 ശതമാനവും കായലിന് ചുറ്റും നടപ്പാത നിർമ്മിക്കുന്നതിന്റെ പണിയുടെ പ്രാരംഭമായി 500 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുകയും മാത്രമാണ് ഇതുവരെ ചെയ്തിട്ടുള്ളത്. ആയതിനാൽ തുക യഥാസമയം ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിൽ ഗുരുതരമായ പാകപ്പിഴ ഉണ്ടായത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ഈ തുക സമയബന്ധിതമായി പൂർണ്ണമായും വിനിയോഗിച്ച് നിർദ്ദിഷ്ട പണികൾ പൂർത്തീകരിച്ച് കായലിനെ മാലിന്യത്തിൽ നിന്നും രക്ഷിച്ച് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

### (എ) കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 1341/എ 2/2012/സി.എസ്.ഐ.എൻ. തീയതി 4-6-2014)

വേളി-ആക്കുളം കായലിന്റെ ഡ്രെഡ്ജിംഗ് 58%-ഉം കായലിന്റെ സംരക്ഷണഭിത്തി നിർമ്മാണം 70% പണിയും പൂർത്തീകരിച്ചു. കായലിനുചുറ്റും 2465 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തിയുടെ പണി പൂർത്തീകരിച്ചു. നടപ്പാതയുടെ പണി 500 മീറ്റർ പൂർത്തീകരിച്ചു. കൂടാതെ നിർമ്മാണ പ്രവൃത്തികൾ പുരോഗമനത്തിലുമാണ്. വേളി-ആക്കുളം കായലിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തികൾ പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡും കേരളാ സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷനും

സംയുക്തമായാണ് ചെയ്യുന്നത്. വേളി-ആക്കുളം കായലിന്റെ സംരക്ഷണ പ്രവൃത്തികൾ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡാണ് നടത്തിവരുന്നത്. ടി നിർമ്മാണ പ്രവൃത്തികളുടെ പൂർണ്ണചുമതല അതായത് നിർമ്മാണ പ്രവൃത്തിയുടെ മേൽനോട്ടം, അളവുകൾ എടുക്കൽ, ബില്ല് തയ്യാറാക്കൽ, കണക്കുകൾ സൂക്ഷിക്കുക തുടങ്ങിയ എല്ലാ പ്രവൃത്തികളും മേൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതാണ്. പൊതുവായ മേൽനോട്ടവും പുരോഗതി വിലയിരുത്തലും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് നടത്തിവരുന്നു. കായലിന്റെ ആഴംകൂട്ടൽ പ്രവൃത്തികൾക്ക് 7.98 കോടി രൂപ കൂടാതെ കായലിന്റെ സംരക്ഷണഭിത്തി നിർമ്മാണത്തിനും സൗന്ദര്യവൽക്കരണത്തിനുമായി 7.70 കോടി രൂപയും വിനിയോഗിച്ചതായി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 40/എ 2/2015/സി.എസ്.ഐ.എൻ. തീയതി 11-9-2015)

<u>പാർട്ട് I</u>

മലിനീകരണം, കയ്യേറ്റം തുടങ്ങിയവമൂലം നശിച്ചുകൊണ്ടിരിക്കുന്ന വേളി-ആക്കുളം കായൽ പുനരുദ്ധരിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ നീർത്തട സംരക്ഷണ പരിപാടിയിൽ ഉൾപ്പെടുത്തി 24.56 കോടി രൂപയുടെ ഒരു പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിരുന്നു. ഇതിൽ 30% സംസ്ഥാന വിഹിതവും 70% കേന്ദ്ര വിഹിതവുമായിരുന്നു. ഇതു നടപ്പിലാക്കുന്നതിനായി TUDP എന്ന പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിരുന്നു. ചില സാങ്കേതിക കാരണങ്ങളാൽ ഈ പദ്ധതി നടപ്പാക്കാനാവാതെ വരികയും കേന്ദ്ര വിഹിതത്തിൽ മുൻകൂറായി അനുവദിച്ച 4.29 കോടി രൂപ വേളി-ആക്കുളം കായലിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ഉള്ളൂരിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കാൻ വേണ്ടി വകയിരുത്തുകയും ചെയ്തു. ടി പ്ലാന്റ് നിർമ്മിക്കാൻ ഉള്ളൂരിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ ഈ പദ്ധതി ഉപേക്ഷിച്ചു. തുടർന്ന് ആക്കുളത്ത് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിന് M/s TCL മുഖേന കേരള വാട്ടർ അതോറിറ്റിക്ക് തുക കൈമാറി.

<u>പാർട്ട് II</u>

പന്ത്രണ്ടാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി വേളി-ആക്കുളം കായൽ ആഴം കൂട്ടലും, വശങ്ങളുടെ സംരക്ഷണവും സൗന്ദര്യവൽക്കരണവും ഉൾപ്പെടുന്ന പ്രവൃത്തികൾക്കായി 30 കോടി രൂപയുടെ കരാർ M/s TCL, KSMDC എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ആക്കുളം കായലിൽ പായൽ നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കുന്ന ജോലികൾ 59%-ഉം കായലിന്റെ നവീകരണ സംരക്ഷണ ജോലികൾ 78%-ഉം നാളിതുവരെ നടന്നിട്ടുണ്ട്. ചെളി നീക്കം ചെയ്ത്

ആഴം വർദ്ധിപ്പിക്കുന്നതിനായി 632250 ക്യൂബിക് മീറ്റർ ചെളി നീക്കം ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കായലിന്റെചുറ്റും 3705 മീറ്റർ നീളത്തിൽ കല്ല് കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. ഇതിൽ 3200 മീറ്റർ പണി പൂർത്തീകരിച്ചിട്ടുണ്ട്. 1350 മീറ്റർ നടപ്പാത നിർമ്മാണവും പൂർത്തിയായിട്ടുണ്ട്.

ഈ പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം മനസ്സിലാക്കി പരിഹാരം കാണുന്നതിനായി സർക്കാർതലത്തിൽ വിവിധ യോഗങ്ങൾ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ 5-11-2014, 6-7-2015 എന്നീ തീയതികളിൽ യോഗം നടത്തി. ഇതിനായി ഏറ്റവും ഒടുവിലായി 6-7-2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിക്കുകയുണ്ടായി. വിവിധ വകുപ്പുകൾ/സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ ഈ യോഗത്തിൽ തീരുമാനിക്കപ്പെട്ടു. ഇതിൻ പ്രകാരം പായൽ ഉടൻ നീക്കം ചെയ്യുന്നതിനും, നടപ്പാത നിർമ്മാണം, പാർശ്വഭിത്തി നിർമ്മാണം എന്നീ പണികൾ സെപ്റ്റംബർ 5-ാം തീയതിക്കുമുമ്പായും, ചെളി നീക്കം ചെയ്യുന്ന ജോലി 5 മാസത്തിനകവും പൂർത്തീകരിക്കണമെന്നും തീരുമാനിച്ചു.

(30-9-2015-ലെ യോഗം മറുപടി അംഗീകരിച്ചു.)

<u>ശിപാർശ 18</u>

കായൽ ഡ്രെഡ്ജ് ചെയ്യുമ്പോൾ ലഭിച്ച മണൽ വിൽപ്പനയിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 1341/എ 2/2012/സി.എസ്.ഐ.എൻ. തീയതി 4-6-2014)

കായൽ ഡ്രെഡ്ജ് ചെയ്യുമ്പോൾ ലഭിച്ച മണൽ ഇപ്പോൾ ഡിപ്പാർട്ട്മെന്റ് നിർദ്ദേശിച്ച ഡമ്പിംഗ് യാർഡിലാണ് നിക്ഷേപിച്ചുവരുന്നത്. കൂടാതെ സംരക്ഷണ ഭിത്തിയുടെ ബാക്ക് ഫില്ലിംഗിനും ഉപയോഗിച്ചുവരുന്നു.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

സി.പി. മുഹമ്മദ്,

*അദ്ധ്യക്ഷൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2016 ഫെബ്രുവരി 18.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.